വിദഗ്ധ സംഘത്തിന്റെ സന്ദർശനം 19ലേക്ക് മാറ്റി

ബൈപ്പാസ് അലൈൻമെന്റിൽ ചെറിയ മാറ്റം വരുത്തി സമവായത്തിന് നീക്കം

തളിപ്പറമ്പ: കീഴാറ്റൂർ വയൽ നികത്തി ദേശീയപാത ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരെയുണ്ടായ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ രൂപീകരിച്ച വിദഗ്ധ സംഘത്തിന്റെ സന്ദർശനം 19ലേക്ക് മാറ്റി. നേരത്തെ ഇന്ന് കീഴാറ്റൂർ സന്ദർശിക്കാനായിരുന്നു പരിപാടി. ജയിംസ് മാത്യു എം.എൽ.എ, സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ, സമരസമിതിയിലെ സുരേഷ് കീഴാറ്റൂർ, നോബിൾ പൈകട, നഗരസഭ കൗൺസിലർ കെ.മുരളീധരൻ തുടങ്ങി 12 പേരടങ്ങിയതാണ് വിദഗ്ധ സമിതി. അതിനിടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സി.പി.എം ജില്ലാ നേതൃത്വം ചില ഫോർമുലകൾ ആവിഷ്ക്കരിച്ചതായി അറിയുന്നു. നിലവിൽ വയൽ പൂർണ്ണമായും നികത്തി ബൈപ്പാസ് പണിയുന്നതിന് പകരം വയൽക്കര യിലൂടെ പാത പണിയാനാണ് ആലോചിക്കുന്നത്. വയലിന്റെ നടുവിലൂടെ പാത പണിയുമ്പോൾ വേനൽക്കാലത്ത് പോലും നീരുറവയുള്ള തോട് ഇല്ലാതാകും. ഇത് ഒഴിവാക്കി വയൽക്കരയിലൂടെ പാത പണിയുമ്പോൾ വളരെ കുറച്ച് വീടുകൾ മാത്രമേ നഷ്ടപ്പെടുകയുള്ളൂ. ഈ കാര്യം സമര സമിതിയുമായി ജില്ലാ സെക്രട്ടറി തന്നെ സംസാരിക്കും. ഇങ്ങനെയൊരു സമവായം ഉണ്ടാക്കി പ്രശ്നം പരിഹരിക്കാനാണ് നീക്കം. ഇതിന്റെ മുന്നോടിയായി സി.പി.എം ജില്ലാ കമ്മിറ്റിയംഗം പി. വാസുദേവൻ, ഏരിയാ സെക്രട്ടറി കെ.മുകുന്ദൻ, ഏരിയാ കമ്മിറ്റിയംഗം കെ.മുരളീധൻ എന്നിവർ സ്ഥലം സന്ദർശിച്ചിരുന്നു. ഇതിന് തൊട്ടുപിറകെ നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരും ഇവിടം സന്ദർശിച്ചു. ഈ കാര്യത്തിൽ ഒരു തീരുമാനത്തിലെത്തുന്നതിന് വേണ്ടിയാണ് വിദഗ്ധ സംഘത്തിന്റെ സന്ദർശനം ഒരാഴ്ചത്തേക്ക് മാറ്റിവച്ചത്. പരമാവധി ആളുകൾക്ക് നഷ്ടം ഉണ്ടാകാത്ത വിധം പാത നിർമ്മിക്കാനാണ് ആലോചിക്കുന്നത്.

സർസയ്യിദ് കോളേജ് സംഘർഷം; 18 എം.എസ്.എഫുകാർക്കെതിരെ കേസ്

തളിപ്പറമ്പ: സർസയ്യിദ് കോളേജിൽ എസ്.എഫ്.ഐ വിജയിച്ച അസോസിയേഷനുകളുടെ ഉദ്ഘാടനത്തിനിടെ സംഘർഷം സൃഷ്ടിച്ച 18 എം.എസ്.എഫ് പ്രവർത്തകർക്കെതിരെ കേസ്. പയ്യന്നൂരിലെ ആബിദ്, മന്നക്കെ ഫർഹാൻ, ആഷിഖ്, കണ്ടാലറിയാവുന്ന 15 പേർ എന്നിവർക്കെതിരെയാണ് പോലീസ് കേസെടുത്തത്. ഇന്നലെ രാവിലെയായിരുന്നു കേസിനാസ്പദമായ സംഭവം. കോളേജ് തിരഞ്ഞെടുപ്പിൽ എസ്.എഫ്.ഐയുടെ രണ്ട് അസോസിയേഷനുകൾ വിജയിച്ചിരുന്നു. ഇതിന്റെ ഉദ്ഘാടനത്തിനായി ഇന്നലെ സിനിമാതാരങ്ങളായ ശബരീഷ് വർമ്മ, ഗായത്രി സുരേഷ് യൂനിവേഴ്സിറ്റി യൂനിയൻ ചെയർമാൻ സി.പി. സിജു എന്നിവർ കോളേജിൽ എത്തിയിരുന്നു. എന്നാൽ പരിപാടി നടത്താൻ സമ്മതിക്കില്ലെന്ന് പറഞ്ഞ് എം.എസ്.എഫ് പ്രവർത്തകർ രംഗത്തെത്തി. പരിപാടി നടത്താനുള്ള അനുമതി പ്രവർത്തകരെ ഭീഷണിപ്പെടുത്തി പിൻവലിപ്പിക്കുകയും അലങ്കോലമാക്കുകയും ചെയ്തു. ഇതോടെ ഉദ്ഘാടനത്തിനെത്തിയ സിനിമാതാരങ്ങളടക്കം തിരിച്ചുപോയി. ഇതിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ പ്രവർത്തകർ കോളേജിൽ പ്രകടനം നടത്തി. പ്രകടനം നടത്തുന്നിടത്തേക്ക് ആബിദ്, ആഷിഖ്, ഫർഹാൻ എന്നിവരുടെ നേതൃത്വത്തിൽ എം.എസ്.എഫ് പ്രവർത്തകരെത്തുകയും ഇരുവിഭാഗവും വാക്ക് തർക്കത്തിലും ഉന്തിലും തള്ളിലും ഏർപ്പെടുകയും ചെയ്തു. ഹോക്കി സ്റ്റിക്കും പട്ടികയും ഉപയോഗിച്ചുള്ള അക്രമണത്തിൽ ഫോറസ്റ്ററി രണ്ടാം വർഷ വിദ്യാർത്ഥിയായ പയ്യന്നൂരിലെ മേച്ചേരിയിൽ സെബിൻബാബു (19), മൂന്നാംവർഷ വിദ്യാർത്ഥി എസ്.എസ്. അരവിന്ദ് (20) എന്നിവർക്ക് പരിക്കേറ്റു. ഇവരെ സഹകരണാശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

ചരമം

പി.വി.കുഞ്ഞിക്കണ്ണന്റെ മകൻ സഞ്ജയ്

തളിപ്പറമ്പ: തളിപ്പറമ്പ മണ്ഡലം കോൺഗ്രസ് ജനറൽ സെക്രട്ടറി പി.വി. കുഞ്ഞിക്കണ്ണന്റെ മകൻ സഞ്ജയ് (17) നിര്യാതനായി. അസുഖം ബാധിച്ച് ഏറെക്കാലമായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മാതാവ്: പി.വി. സുധ (തളിപ്പറമ്പ സർവ്വീസ് സഹകരണ ബാങ്ക്). സഹോദരി: പി.വി. ജസ്ന.

ജാനകി

തളിപ്പറമ്പ: മുള്ളൂൽ എളയടത്ത് ജാനകി (77) നിര്യാതയായി. മക്കൾ: വിജയലക്ഷ്മി, രാമകൃഷ്ണൻ, സുരേഷ്കുമാർ (ഖത്തർ), നിഷ (ദുബായ്). മരുമക്കൾ: വിജയൻ, ഗീത, പ്രീത, സുരേഷ്ബാബു (ദുബായ്). സഹോദരങ്ങൾ: മീനാക്ഷി, പത്മനാഭൻ, ശ്രീധരൻ, രവീന്ദ്രൻ (കെ.ഡബ്ല്യു.എ), പരേതനായ കുഞ്ഞമ്പു.

ദേവസ്യ

കുടിയാന്മല: കുമ്പിടിയാൻമാക്കൽ ദേവസ്യ (പാപ്പച്ചൻ-72) നിര്യാതനായി. ഭാര്യ: റോസമ്മ കുടിയാന്മല മറ്റത്തിൽ കുടുംബാംഗം. മക്കൾ: ബിൻസി, ബിന്ദു, ബിജു, സുഷമ. മരുമക്കൾ: ജോയി കപ്പലുമാക്കൽ (നെല്ലിക്കുന്ന്), ജോഷി വട്ടക്കുഴിയിൽ (ഒറ്റത്തൈ), ജിഷ പാണ്ടുാംമാക്കൽ (വലിയപറമ്പ്, ചെമ്പേരി), ജെയ്മോൻ അമരക്കാട്ട് (വഞ്ചിയം).

സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് മൂന്ന് മണിക്ക് കുടിയാന്മല ഫാത്തിമ മാതാ പള്ളിയിൽ.

ഫ്രാൻസീസ്

പടപ്പേങ്ങാട്: ബാലേശുഗിരിയിലെ നെടുമ്പള്ളി ഫ്രാൻസീസ് (76) നിര്യാതനായി. ഭാര്യ: മേരിക്കുട്ടി. മക്കൾ: റോയി, ഡൊമിനിക്, വിൽസൺ, ലിജി, പരേതയായ റൂബി. മരുമക്കൾ: ലില്ലിക്കുട്ടി, ജെസി, മേഴ്സി, തോമസ് പുരയിടം. സഹോദരങ്ങൾ: അപ്പച്ചൻ, ദേവസ്യാച്ചൻ, അച്ചാമ്മ, പെണ്ണമ്മ, ഗ്രേസമ്മ. സംസ്കാരം നാളെ ഉച്ച കഴിഞ്ഞ് 2.30ന് ബാലേശുഗിരി ഉണ്ണി മിശിഹാ പള്ളിയിൽ.

ജോസഫ്

ആലക്കോട്: രയരോം കാക്കടവിലെ കണയൻപ്ലാക്കൽ ജോസഫ് (68) നിര്യാതനായി. ഭാര്യ: മണക്കടവ് ഉറുമ്പിൽ കുടുംബാംഗം അന്നക്കുട്ടി. മക്കൾ: സിജി, സിസ്റ്റർ ഷീന (ഉത്തർപ്രദേശ്), ഷിജോ, ഷിനോ. മരുമകൻ: ജോജി മുഞ്ഞനാട്ടുകുന്നേൽ (പാത്തൻപാറ). സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് രയരോം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

സ്പെഷൽ സ്കൂൾ അധ്യാപക-അനധ്യാപക ജീവനക്കാരും മാനേജ്മെന്റ് പ്രതിനിധികളും രക്ഷിതാക്കളും കലക്ട്രേറ്റിൽ നടത്തിയ അവകാശ കൂട്ടായ്മ കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്യുന്നു

കേബിളിടാൻ റോഡ് കുത്തിപ്പൊളിച്ചു; ബി.എസ്.എൻ.എൽ നെറ്റ്വർക്ക് തകരാറിലായി

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം പയ്യാവൂർ റോഡിൽ അമ്മംകോട്ടത്ത് സ്വകാര്യ കമ്പനി കേബിളിടാൻ റോഡ് കുത്തിപൊളിച്ചതിനെ തുടർന്ന് ശ്രീകണ്ഠപുരം മേഖലയിൽ ബി.എസ്.എൻ.എൽ നെറ്റ്വർക്ക് സംവിധാനം തകരാറിലായി. സ്വകാര്യ മൊബൈൽ ഫോൺ കമ്പനിയായ ജിയോയുടെ കേബിൾവലിക്കാനാണ് റോഡ് കുത്തിപൊളിച്ചത്. അതിനിടയിൽ ബി.എസ്.എൻ.എല്ലിന്റെ കേബിളിന് തകരാർ സംഭവിക്കുകയായിരുന്നുവത്രെ. ഇതേ തുടർന്ന് ശ്രീകണ്ഠപുരം മേഖലയിൽ ബി.എസ്.എൻ.എല്ലിന്റെ 20 ഓളം ടവറുകളുടെ കീഴിലാണ് നെറ്റ്വർക്ക് സംവിധാനം തകരാറിലായത്. മൊബൈൽ ഫോൺ, ലാന്റ് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സംവിധാനങ്ങളാണ് ലഭ്യമല്ലാതായത്.

തളിപ്പറമ്പ് താലൂക്ക് ഓഫീസിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ കലക്ടർ മീർ മുഹമ്മദലി സംസാരിക്കുന്നു.

ജനസമ്പർക്ക പരിപാടി തുടങ്ങി; 185 പരാതികൾ പരിഗണിച്ചു

തളിപ്പറമ്പ: മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഓരോ ജില്ലകളിലും താലൂക്ക് തലത്തിൽ ജനസമ്പർക്ക പരിപാടി നടക്കുന്നതിന്റെ ഭാഗമായി തളിപ്പറമ്പ താലൂക്കിലെ ജനസമ്പർക്ക പരിപാടിക്ക് തുടക്കമായി. മിനിസിവിൽ സ്റ്റേഷനിൽ രാവിലെ പത്ത് മുതൽ കലക്ടർ മീർ മുഹമ്മദലിയുടെ നേതൃത്വത്തിലുള്ള സംഘം പരാതികൾ സ്വീകരിക്കാനും തീർപ്പാക്കാനും സജ്ജരായിരുന്നു. കലക്ടറെ കൂടാതെ തളിപ്പറമ്പ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ്, ഡി.വൈ.എസ്.പി. കെ.വി. വേണുഗോപാൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത, ശ്രീകണ്ഠപുരം നഗരസഭ ചെയർമാൻ പി.പി. രാഘവൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു. പരാതികൾ സമർപ്പിക്കാവുന്ന അവസാന ദിവസമായ ഇന്നലെ വരെ 185 പരാതികളാണ് ലഭിച്ചിരുന്നത്. ഇതിൽ 65 പരാതികളും റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടതാണ്. ഇന്ന് രാവിലെ ലഭിച്ച പരാതികളിലധികവും റേഷൻ കാർഡിലെ അപാകതകളുമായി ബന്ധപ്പെട്ടവയാണെന്ന് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. രാവിലെ 12 പരാതികൾ കലക്ടർ നേരിട്ട് തീർപ്പാക്കി. ഓരോ വിഭാഗത്തിന്റെയും മേധാവികളും സന്നിധരായിരുന്നു. 18 പേർക്ക് ദുരിതാശ്വാസം, പ്രകൃതിക്ഷോഭം എന്നിവയുമായി ബന്ധപ്പെട്ട് ധനസഹായം ലഭ്യമാക്കി. മൂന്നുപേർക്ക് ഒരു ലക്ഷത്തിന് മുകളിൽ ധനസഹായം ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് പരാതികൾ കുറവാണ് ഈ വർഷം. റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികളിൽ ചിലത് നേരത്തെ തന്നെ തീർപ്പാക്കിയതിനാലും ചിലർ ഈ സംവിധാനം ഉപയോഗിക്കാത്തതുമാണ് അപേക്ഷകൾ കുറഞ്ഞതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.

വിധി നടപ്പാക്കിയില്ലെന്ന്; കോടതിയലക്ഷ്യ ഹർജി

ആലക്കോട്: വെള്ളാട് ദേവസ്ഥാനത്തിന്റെ പാലക്കയം തട്ടിലെയും കരുവഞ്ചാലിലെയും ഭൂമി കയ്യേറപ്പെട്ടത് രണ്ട് മാസത്തിനുള്ളിൽ തിരിച്ചുപിടിക്കണമെന്ന ഹൈക്കോടതിയുടെ 2016-ലെ ഉത്തരവ് ഇതുവരെയും നടപ്പിലാക്കത്തതിനെതിരെ ഹൈക്കോടതിയിൽ കോടതിയലക്ഷ്യ ഹർജി നൽകി. വെള്ളാട് ദേവസ്വം ബോർഡ് ചെയർമാൻ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരാണ് അഡ്വ.മോഹൻ സി.മേനോൻ മുഖാന്തിരം, കലക്ടർ, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവരെ എതിർകക്ഷികളാക്കി ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തത്. കൈയേറ്റ ഭൂമി കണ്ടെത്തുകയോ തിരിച്ചുപിടിക്കുകയോ ചെയ്തില്ലെന്നാണ് പരാതി.

മണൽകടത്ത്; തടവും പിഴയും

കണ്ണൂർ: അനധികൃതമായി ഓട്ടോറിക്ഷയിൽ കടൽ മണൽ കടത്തിയ കേസിൽ പ്രതിയെ 5500 രൂപ പിഴയടക്കാനും ഒരു ദിവസം തടവിനും ശിക്ഷിച്ചു. 2016 ജൂൺ 4ന് രാവിലെ 10 മണിക്ക് അഞ്ചുകണ്ടിയിൽ വച്ച് 20 ചാക്ക് മണൽ വാരി കടത്തവെ പിടിയിലായ കെ.പി. മുൻസീറിനെയാണ് ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് (രണ്ട്) ഇ.രഞ്ജിത്ത് ശിക്ഷിച്ചത്.

കള്ള ടാക്സികൾക്ക് എതിരെ പരാതി

ആലക്കോട്: കാർത്തികപുരം, മണക്കടവ്, ഉദയഗിരി, മുക്കട പ്രദേശങ്ങളിൽ കള്ള ടാക്സികൾ വ്യാപകമായി സർവ്വീസ് നടത്തുന്നതിനെതിരെ ഉദയഗിരി പഞ്ചായത്ത് സംയുക്ത ടാക്സി ഡ്രൈവേഴ്സ് യൂനിയൻ ആഭിമുഖ്യത്തിൽ ഡ്രൈവർമാർ ആലക്കോട് പോലീസിൽ പരാതി നൽകി. അനധികൃത സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ നമ്പർ സഹിതമാണ് പരാതി നൽകിയത്.

ഏഴിമല റെയിൽവേ ട്രാക്കിൽ വിള്ളൽ

പയ്യന്നൂർ: ഏഴിമല റെയിൽവേ ട്രാക്കിൽ വിള്ളൽ കണ്ടെത്തി. ഇന്ന് രാവിലെയാണ് അഞ്ച് സെന്റിമീറ്റർ നീളത്തിലുള്ള വിടവ് കണ്ടെത്തിയത്. വെൽഡിംഗ് പ്രവൃത്തിയിലെ തകരാറാണ് വിള്ളലിന് കാരണമെന്ന് റെയിൽവേ അധികൃതർ വ്യക്തമാക്കി. വിള്ളൽ നീക്കാനുള്ള പ്രവൃത്തി നടന്നുവരികയാണ്.

പ്ലാസ്റ്റിക് കുപ്പിയിൽ കുടുങ്ങിയ ഉടുമ്പിനെ റിയാസ് മാങ്ങാടും അനിൽ തൃച്ചംബരവും ചേർന്ന് രക്ഷിക്കുന്നു

പ്ലാസ്റ്റിക് കുപ്പിയിൽ കുരുങ്ങിയ ഉടുമ്പിനെ രക്ഷപ്പെടുത്തി

കണ്ണൂർ: പ്ലാസ്റ്റിക് കുപ്പിയിൽ തല കുരുങ്ങിയ ഉടുമ്പിന് റിയാസ് മാങ്ങാടും അനിൽ തൃച്ചംബരവും പുതു ജീവനേകി. നടാൽ ബീവി ഹൗസിൽ കുറ്റിക്കകം റഫീഖിന്റെ വീട്ടുപറമ്പിലാണ് കൂറ്റൻ ഉടുമ്പിനെ പ്ലാസ്റ്റിക് കുപ്പിയിൽ കുരുങ്ങിയ നിലയിൽ കണ്ടെത്തിയത്. വനം വകുപ്പിലെ റാപ്പിഡ് റെസ്പോൺസ് ടീമംഗവും മാർക്കിന്റെ പ്രവർത്തകരുമായ റിയാസും അനിലും സ്ഥലത്തെത്തി ഉടുമ്പിനെ രക്ഷിക്കുകയായിരുന്നു. പിന്നീട് ഉടുമ്പിനെ കാട്ടിൽ വിട്ടയച്ചു.

ചെഗുവേരയുടെ ഫ്ളക്സ് ബോർഡ്; വെങ്ങര കോളനിയിൽ സംഘർഷം

പഴയങ്ങാടി: ചെഗുവേരയുടെ ബോർഡ് വച്ചതിനെ ചൊല്ലി വെങ്ങര കുതിരുമ്മൽ കോളനിയിൽ സംഘർഷം. കോളനിയിൽ രാഷ്ട്രീയ പാർട്ടികളുടെ ബോർഡുകളും മറ്റും പ്രദർശിപ്പിക്കരുതെന്ന് തീരുമാനമെടുത്തിരുന്നു. ഇത് ലംഘിച്ച് സി.പി.എം പ്രാദേശിക നേതൃത്വം ചെഗുവേരയുടെ ഫ്ളക്സ് ബോർഡ് വച്ചതിനെ കോൺഗ്രസ് പ്രവർത്തകർ ചോദ്യം ചെയ്യുകയും ബോർഡ് കെട്ടിയവരെ കൊണ്ട് തന്നെ അത് അഴിച്ചുവെപ്പിക്കുകയും ചെയ്തു. എന്നാൽ ഇതറിഞ്ഞ് ഒരു സംഘം സി.പി.എം പ്രവർത്തകർ സ്ഥലത്തെത്തി ബലംപ്രയോഗിച്ച് വീണ്ടും ബോർഡ് സ്ഥാപിച്ചു. മാടായി മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് ഉൾപ്പെടെയുള്ളവർ സി.പി.എം പ്രാദേശിക നേതൃത്വവുമായി ചർച്ച നടത്തിയെങ്കിലും ബോർഡ് മാറ്റാൻ തയ്യാറായില്ല. ഇതേ തുടർന്നാണ് വാക്കുപ്പോരും സംഘർഷവും ഉടലെടുത്തത്. പഴയങ്ങാടി എസ്.ഐ പി.ബി.സജീവും സംഘവും സ്ഥലത്തെത്തിയാണ് രംഗം ശാന്തമാക്കിയത്.

സരിതക്കും ബിജുവിനുമെതിരെ റിപ്പോർട്ടിൽ പരാമർശമില്ലാത്തത് വിവാദമായി

തിരുവനന്തപുരം: സോളാർ കമ്മീഷൻ റിപ്പോർട്ടിൽ സരിത എസ്. നായർക്കും ബിജുവിനുമെതിരെ പരാമർശമില്ലാത്തത് വിവാദമായി. നിരവധി പേരെ സോളാർ തട്ടിപ്പിന് ഇരയാക്കിയവരാണ് ഇരുവരും. തട്ടിപ്പിന് സഹായം നൽകിയെന്നതിന്റെ പേരിൽ അന്നത്തെ ഭരണ നേതൃത്വത്തെയും രാഷ്ട്രീയ നേതാക്കളെയും പ്രതിക്കൂട്ടിലാക്കിയപ്പോൾ സരിതയും ബിജുവും കുറ്റവിമുക്തരാകുന്ന തലത്തിലാണ് ഇതുവരെ ലഭ്യമായ റിപ്പോർട്ടിലെ സൂചനകൾ. ഇരുവർക്കുമെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ സംസ്ഥാന സർക്കാരും തീരുമാനിച്ചിട്ടില്ല. സരിതയുടെയും ബിജുവിന്റെയും കാര്യം അന്വേഷിക്കാൻ ടേംസ് ഓഫ് റഫറൻസിൽ പരാമർശിച്ചിട്ടില്ലെന്നാണ് ഇതിന് കമ്മീഷൻ സെക്രട്ടറി നൽകുന്ന മറുപടി. എന്നാൽ ടേംസ് ഓഫ് റഫറൻസിൽ പറയാത്ത മറ്റ് പല കാര്യങ്ങൾ അന്വേഷിക്കുകയും ചില വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

അസം സ്വദേശി തൂങ്ങിമരിച്ചനിലയിൽ

കണ്ണൂർ: അസം സ്വദേശിയായ യുവാവിനെ നിർമ്മാണത്തിലിരിക്കുന്ന വീട്ടിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തി. ബാർബേട്ട സ്വദേശി നജ്മൽ ഇസ്ലാം (21) ആണ് ജീവനൊടുക്കിയത്. എളയാവൂർ ഹംസപള്ളിക്ക് സമീപം പുതിയതെരു സ്വദേശി പി.സി.സ ജാസിന് വേണ്ടി പണിയുന്ന വീട്ടിലാണ് ഇന്ന് രാവിലെ 5.30 ഓടെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്. ഈ വീടിന്റെ തേപ്പ് പണിക്ക് എത്തിയ നജ്മൽ ഇസ്ലാം മറ്റ് ആറ് തൊഴിലാളികൾക്കൊപ്പം അവിടെ തന്നെ താമസിച്ചുവരികയായിരുന്നു. മൃതദേഹം തലശേരി ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

മുൻ എം.എൽ.എ സി.പി ഗോവിന്ദൻ നമ്പ്യാരുടെ മകളുടെ ഭർത്താവ് നിര്യാതനായി

ശ്രീകണ്ഠപുരം: മുൻ തളിപ്പറമ്പ എം.എൽ.എയും കോൺഗ്രസ് നേതാവുമായിരുന്ന കൊയ്യത്തെ പരേതനായ സി.പി. ഗോവിന്ദൻ നമ്പ്യാരുടെ മകൾ ജ്യോതിയുടെ ഭർത്താവ് കെ.വി. ഉണ്ണികൃഷ്ണൻ (62) നിര്യാതനായി. മാതാവ്: ജാനകിയമ്മ. മക്കൾ: അഞ്ജുകൃഷ്ണ, രഞ്ജുകൃഷ്ണ. മരുമകൻ: സൂരജ് (ബാംഗ്ലൂർ). സഹോദരങ്ങൾ: പത്മനാഭൻ, പ്രഭാകരൻ (കീഴാറ്റൂർ), മുരളീധരൻ (രാജസ്ഥാൻ), രാജൻ, മോഹനൻ, രാധാമണി, പ്രസന്ന (കല്യാശേരി). സംസ്കാരം വൈകീട്ട് അഞ്ച് മണിക്ക് ചെങ്ങളായി പഞ്ചായത്ത് പൊതുശ്മശാനത്തിൽ.

മഹമൂദ് ഹാജി

ഇരിക്കൂർ: പെരുവളത്തുപറമ്പ് ഗ്രാമീണ കോടതിക്ക് മുൻ വശത്തെ സറീനാസിൽ കെ.വി.മ ഹമൂദ് ഹാജി (66) നിര്യാതനായി. തളിപ്പറമ്പിലെ പരേതരായ കെ. വി.ഹലീമയുടെയും ഓലിയൻ അബ്ദുള്ളക്കുട്ടിയുടെയും മകനാണ്. ഭാര്യ: കെ.വി.സറീന. മക്കൾ: ആഷിഖ് (സൗദി), ഷമീമത്ത്, മുബീന, റഈസ (സൗദി). മരുമക്കൾ: ഷംല (വയക്കര), ആലിക്കുട്ടി (ഖത്തർ), റഷീദ്, ഷറഫുദ്ദീൻ (ഇരുവരും സൗദി). സഹോദരങ്ങൾ: മൊയ്തീൻകുട്ടി ഹാജി (വ്യാപാരി, ഏഴാംമൈൽ), അബൂബക്കർ ഹാജി (വ്യാപാരി, ഫാറൂഖ് നഗർ), ഷരീഫ (ചപ്പാരപ്പടവ്), അസ്മ (തളിപ്പറമ്പ്).

നാലാം ചരമവാർഷികം

ടി. സഹദേവൻ

പറക്കോട്, കുവേരി

കൈരളി സ്വാശ്രയ സംഘം

രജിസ്ട്രേഷൻ നമ്പർ 42/14

പറക്കോട്, കുവേരി

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്	:	2785
പവന്	:	22280

പവിത്രാ ജ്വല്ലറി
കുറ്റൂക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

സെയിൽസ്മാനെ ആവശ്യമുണ്ട്

തളിപ്പറമ്പ മന്നയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലേക്ക് സെയിൽസ്മാനെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Mob: **9495494556**

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 311 RNI Reg.No.KER MAL/2007/22043